**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2017** **29-07-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠനോപകരണങ്ങൾക്കായി പലിശ രഹിത വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഓൺലൈൻ പഠനോപകരണങ്ങൾ വാങ്ങുന്നതിന് സഹകരണ ബാങ്കുകൾ വഴി പലിശ രഹിത വായ്പകൾ അനുവദിക്കുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ; | (എ) | അതാത് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി വായ്പ നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 10,000/- രൂപവരെ പലിശരഹിത വായ്പയായി നൽകും. വായ്പ പരമാവധി 24 മാസത്തെ തുല്യ ഗഡുക്കളായി തിരിച്ചടക്കേണ്ടതാണ്. ഗുണഭോക്താക്കൾ വാങ്ങിയ മൊബൈൽ ഫോണിന്റെ ബില്ലിന്റെ പകർപ്പ് വായ്പ അനുവദിച്ച സ്ഥാപനത്തിൽ ഹാജരാക്കണം. വായ്പാ കാലാവധിക്കുശേഷം ബാക്കി നിൽക്കുന്ന തുകയ്ക്ക് പരമാവധി 8% പലിശ ഈടാക്കുന്നതാണ്. ആൾ ജാമ്യ വ്യവസ്ഥയിലാണ് വായ്പ അനുവദിക്കുന്നത്. അപേക്ഷകൻ സംഘത്തിലെ 'എ' ക്ലാസ്/ 'സി' ക്ലാസ് മെമ്പർ ആയിരിക്കണം. വായ്പക്കുള്ള അപേക്ഷകളും മെമ്പർഷിപ്പിനുള്ള അപേക്ഷകളും ഒന്നിച്ച് പരിഗണിക്കുന്നതാണ്. വായ്പ അനുവദിച്ച് അടുത്ത മാസം മുതൽ മാത്രമേ തിരിച്ചടവ് ആരംഭിക്കേണ്ടതായുള്ളൂ. |
| (ബി) | ഇത്തരം വായ്പകൾ പ്രാഥമിക സഹകരണ സംഘങ്ങൾവഴി നൽകുന്നതിന് പ്രത്യേക ഉത്തരവ് നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വായ്പകൾ എല്ലാ സഹകരണ സംഘം/ബാങ്കുകൾ വഴി അനുവദിക്കുന്നതു സംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു കൂടാതെ അതാതു ജില്ലാ ജോയിന്റ് രജിസ്ട്രാർക്കു പദ്ധതി നടത്തിപ്പിന്റെ ചുമതല നൽകിക്കൊണ്ട് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (സി) | പല ബാങ്കുകളും പ്രാഥമിക സഹകരണ സംഘങ്ങളും ഇത്തരം വായ്പകൾ നിഷേധിക്കുന്നതും മതിയായ സെക്യൂരിറ്റി വാങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഏത് രീതിയിലാണ് ഉപഭോക്താക്കൾക്ക് | (സി) | ആദ്യഘട്ടത്തിൽ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിരുന്നെങ്കിലും ഈ പദ്ധതിയെ സംബന്ധിച്ച് അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ഈ പരാതി പരിഹരിക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) |

| | | | |
|---|---|---|---|
| | അനുകൂലമായി പരിഹരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | ആഫീസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ചെയ്ത ശേഷം പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ